ഡി.സി.എ/3992/21/സ്കോൾ-കേരള

**സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എഡ്യൂക്കേഷൻ-കേരള തിരുവനന്തപുരം -12**

## എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ. ഡോ.പി.പ്രമോദ്)

സ്കോൾ-കേരള - മുഖേന നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ.) കോഴ്സിന് സംസ്ഥാനത്തെ എയ്ഡഡ് ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ കൂടി പഠനകേന്ദ്രം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**സ്കോൾ-കേരള**

ഉത്തരവ് നമ്പർ: 571/2021/സ്കോൾ-കേരള തീയതി: 14.12.2021

---

പരാമർശം :
1. 04.11.2013 ലെ GO (Rt)No. 4664/13/G.Edn
2. 3.12.2019 ൽ ചേർന്ന സ്കോൾ-കേരള ജനറൽ കൗൺസിൽ മൂന്നാമത് യോഗ തീരുമാനം (ഐറ്റം നം.11)
3. 06.01.2020 ലെ 11/2020/സ്കോൾ കേരള നമ്പർ ഉത്തരവ്
4. 06.12.2021 ൽ ചേർന്ന സ്കോൾ കേരള ഏഴാമത് ജനറൽ കൗൺസിൽ യോഗതീരുമാനം (ഐറ്റം നം. 8.)

**ഉത്തരവ്**

സ്കോൾ-കേരള നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ.) കോഴ്സിന്റെ പഠനകേന്ദ്രം, തെരഞ്ഞെടുത്ത സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ആരംഭിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പരാമർശം(2) പ്രകാരം ചേർന്ന സ്കോൾ-കേരള ജനറൽ കൗൺസിൽ മൂന്നാമത് യോഗത്തിൽ (ഐറ്റം നം.11), ഭാവിയിൽ സ്കോൾ-കേരളയുടെ പഠനകേന്ദ്രങ്ങളായി സർക്കാർ സ്കൂളുകൾ മാത്രം അനുവദിച്ചാൽ മതിയാകുമെന്ന് തീരുമാനിക്കുകയും അതിൻ പ്രകാരം പരാമർശം(3) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. അതിനാൽ നിലവിൽ എയ്ഡഡ് സ്കൂളുകളിൽ ഡി.സി.എ. യ്ക്ക് പഠനകേന്ദ്രം അനുവദിക്കുന്നില്ല.

എയ്ഡഡ് ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഡി.സി.എ കോഴ്സിന്റെ പഠനകേന്ദ്രം അനുവദിക്കുന്നതിനായി നിരവധി പ്രിൻസിപ്പൽമാർ അപേക്ഷ സമർപ്പിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യം വീണ്ടും പരിശോധിച്ചു. കൂടുതൽ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത കോഴ്സായ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ളിക്കേഷൻ കോഴ്സ് പഠിക്കുന്നതിന് അവസരമൊരുക്കുന്നതിനായി മികച്ച ഭൗതിക സൗകര്യങ്ങളും കമ്പ്യൂട്ടർ ലാബും പരിചയ സമ്പന്നരായ കമ്പ്യൂട്ടർ കോഴ്സ് അധ്യാപകരും ഉള്ള സംസ്ഥാനത്തെ എയ്ഡഡ് ഹയർ സെക്കണ്ടറി /വൊക്കേഷണൽ ഹയർസെക്കണ്ടറിസ്കൂളുകളിൽ കൂടി സ്കോൾ-കേരള മുഖേന നടത്തുന്ന ഡി.സി.എ കോഴ്സിന് പഠനകേന്ദ്രം അനുവദിക്കുന്നത് ഉചിതമായിരിക്കുമെന്നതിനാൽ ഇക്കാര്യം ജനറൽ കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു.

പരാമർശം (4) പ്രകാരം ചേർന്ന സ്കോൾ കേരളയുടെ ഏഴാമത് ജനറൽ കൗൺസിൽ യോഗം ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ഭാവിയിൽ സ്കോൾ-കേരളയുടെ പഠനകേന്ദ്രങ്ങളായി സർക്കാർ സ്കൂളുകൾ മാത്രം അനുവദിച്ചാൽ മതിയെന്ന പരാമർശം(2) തീരുമാനത്തിൽ ഇളവ് വരുത്തുന്നതിനും സംസ്ഥാനത്തെ എയ്ഡഡ് ഹയർസെക്കണ്ടറി/ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ കൂടി സ്കോൾ കേരള മുഖേന നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ) കോഴ്സിന് പഠന കേന്ദ്രം അനുവദിക്കുന്നതിന് അനുമതി നൽകാൻ തീരുമാനിക്കുയും ചെയ്തു.

മേൽ സാഹചര്യത്തിൽ, മികച്ച ഭൗതിക സൗകര്യങ്ങളും കമ്പ്യൂട്ടർ ലാബും പരിചയ സമ്പന്നരായ കമ്പ്യൂട്ടർ കോഴ്സ് അധ്യാപകരും ഉള്ള സംസ്ഥാനത്തെ എയ്ഡഡ് ഹയർസെക്കണ്ടറി/ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ കൂടി സ്കോൾ-കേരള മുഖേന നടത്തുന്ന ഡി.സി.എ കോഴ്സിന് പഠനകേന്ദ്രം അനുവദിച്ച് ഉത്തരവാകുന്നു.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**ഇൻചാർജ്**

സ്വീകർത്താവ്,
ഐ ടി കൺസൾട്ടന്റ് ( വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പാൾമാർ
ജില്ലാകേന്ദ്രം ഓഫീസർ ഇൻചാർജ്ജുമാർ

പകർപ്പ്,
എക്സിക്യൂട്ടീവ് ഡയറക്ടറുടെ പി.എ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

STATE COUNCIL FOR OPEN AND LIFELONG EDUCATION KERALA
Vidhya Bhavan
Poojappura
Thiruvananthapurm
695012
SCOLE-KERALA